# സെൻറ് ഗ്രിഗോറിയോസ് ഹൈ സ്കൂൾ

# കൊട്ടാരക്കര



# Little Beads

*Digital Magazine*

# ST.GREGORIOS HIGH SCHOOL

## KOTTARAKARA

# LITTLE BEADS



# എഡിറ്റോറിയൽ

ഒരു കാലഘട്ടത്തിന്റെ പൊളിച്ചെഴുത്തുകൾ നടക്കുന്നത് വിദ്യാലയത്തിലാണ്.സമൂഹത്തിൻറെ വളർച്ചക്ക് മാറ്റങ്ങൾ അനിവാര്യമാണ്. ആ മാറ്റം തിരിച്ചറിവിലൂടെ ഉടലെടുക്കുന്നു. തിരിച്ചറിവുകൾ ജ്ഞാനത്തിലൂടെയും ജ്ഞാനം വിദ്യാഭ്യാസത്തിലൂടെയും ഉണ്ടാകുന്നു. സാമൂഹിക അനാചാരങ്ങളിൽ നിന്നും ഒരു പുതു പ്രതീക്ഷയിലേക്കുള്ള വെളിച്ചം വിദ്യാലയത്തിൽ നിന്നുമാണ് ലഭിക്കേണ്ടത്.

സന്തോഷവും വിരഹവും സൗഹൃദവും നിറഞ്ഞ കലാലയ ജീവിതം അനശ്വരമാക്കുന്ന സുന്ദര നിമിഷങ്ങളുടെ ഓർമ്മകൾ അക്ഷരങ്ങളായി

***Little Beads*** ലൂടെ പുനർജ്ജനിക്കുന്നു. കലാലയത്തിൻറെ ഹൃദയ സ്പന്ദനങ്ങൾ നിങ്ങൾക്കായി സമർപ്പിക്കുന്നു.

മാഗസിൻ എഡിറ്റർ

സാന്ദ്ര . ആർ

# ആശംസ

കൊട്ടാരക്കര സെൻറ് ഗ്രീഗോറിയോസ് ഹൈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ്  അംഗങ്ങൾ തയ്യാറാക്കിയ Little Beads എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ  ഭാവുകങ്ങളും ആശംസിക്കുന്നു.

അതിവേഗം മുന്നേറികൊണ്ടിരിക്കുന്ന നൂതന സാങ്കേതിക വിദ്യാരംഗത്തു നവമുത്തുകളായി പ്രശോഭിക്കുന്നതിനു ലിറ്റിൽ കൈറ്റ്സ് അംഗംങ്ങൾക്കു കഴിയുമാറാകട്ടെ.

റൂബിമോൾ .റ്റി   ( H.M )

# താളുകളിലൂടെ


വൈക്കം മുഹമ്മദ് ബഷീറിൻറെ ജീവിതത്തിലേക്ക്..............................6

മാതൃത്വത്തിൻറെ വില..........................................................................................7

കാളകൾ.........................................................................................................................8

മഹദ് വചനങ്ങൾ ........................................................................................................9

പഴഞ്ചൊല്ലുകൾ.........................................................................................................10


ഓർക്കുക..........................................................................................................................11

പ്രകൃതി നമ്മുടെ വരദാനം......................................................................................12

Thoughts........................................................................................................................13




# വൈക്കം മുഹമ്മദ് ബഷീറിൻറെ ജീവിതത്തിലേക്ക്.....



മലയാള നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമര പോരാളിയുമായിരുന്നു. ബേപ്പൂർസുൽത്താൻ എന്ന അപരനാമത്തിലും അറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ (ജനനം: 21 ജനുവരി 1908 തലയോലപ്പറമ്പ്, വൈക്കം കോട്ടയം ജില്ല - മരണം: 5 ജൂലൈ 1994 ബേപ്പൂർ, കോഴിക്കോട്). 1982-ൽ ഇന്ത്യാ ഗവൺമെൻറ് പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചു. ആധുനിക മലയാളസാഹിത്യത്തിൽ ഏറ്റവുമധികം വായിക്കപ്പെട്ട എഴുത്തുകാരിലൊരാൾ എന്ന് വിശേഷിപ്പിക്കപ്പെട്ടു.ജനകീയനായ എഴുത്തുകാരനായിരുന്നു ബഷീർ.

ജീവിതരേഖ

- 1908 ജനനം
- 1942 അറസ്റ്റും ജയിൽവാസവും; ആദ്യകൃതി 'പ്രേമലേഖനം'
- 1944 'ബാല്യകാലസഖി'
- 1947 'ശബ്ദങ്ങൾ'
- 1951 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്'
- 1953 'ആനവാരിയും പൊൻകുരിശും'
- 1954 'ജീവിതനിഴല്പാടുകൾ', 'വിശപ്പ്'
- 1958 വിവാഹം
- 1959 'പാത്തുമ്മയുടെ ആട്'
- 1965 'മതിലുകൾ'
- 1970 കേന്ദ്ര സാഹിത്യ അക്കാദമി ഫെല്ലോഷിപ്പ്
- 1981 കേരള സാഹിത്യ അക്കാദമി ഫെല്ലോഷിപ്പ്
- 1982 പത്മശ്രീ
- 1987 ഡി.ലിറ്റ് ബിരുദം
- 1994 മരണം

കാവ്യ സുരേന്ദ്രൻ

# മാതൃത്വത്തിൻറെ വില



എന്തൊരു വിധി എന്നിൽ
അമ്മയെ കാണ്മതിൽ
മനസ്സ് വിതുമ്പുന്നു
കൈകൾ ഞാൻ കൂപ്പിടുന്നു.

അന്ന് ഞാൻ ശഠിച്ചതും
അമ്മയിൽ ഉതിർന്നൊരാ
കണ്ണുനീർ പൊഴിയുന്നു
ഇന്നിതാ എൻറെ കണ്ണിൽ


കാണ്മതിൻ ആവില്ല
വെള്ള പുതച്ചോരെൻ
മാതൃത്വത്തിൻറെയാ
ചൈതന്യമറ്റ ആ മുഖം

ദൈവമേ പൊറുക്കണേ
ആവില്ല ഇനി
ഇങ്ങനെ ഒരമ്മതൻ
മകനായി പിറന്നിടാൻ........

ചെല്ലം ചിപ്പി

# <u>കാളകൾ</u>

**പി.ഭാസ്കരൻ**



“തോളത്തു ഘനം തൂങ്ങും വണ്ടി തൻ തണ്ടും പേറി

കാളകൾ മന്ദം മന്ദം ഇഴഞ്ഞു നീങ്ങിടുന്നുമ്പോൾ

മറ്റൊരു വണ്ടികാള മാനുഷാകാരം പൂണ്ടി

ട്ടറ്റത്തു വണ്ടിക്കയ്യിലിരുപ്പു കൂനിക്കൂടി

**അച്ചുകൃഷ്ണൻ**

# മഹദ് വചനങ്ങൾ










മനീഷ് മനോജ്

# പഴഞ്ചൊല്ലുകൾ

- അണ്ണാറ കണ്ണനും തന്നാൽ ആയത്!
- അണ്ടിയോട്ടു അടുത്താലേ മാങ്ങയുടെ പുളി അറിയൂ !
- അണ്ണാന് കുഞ്ഞിനെ മരം കേറ്റം പഠിപ്പിക്കേണ്ട!
- അരിയും തിന്നു ആശാരിച്ചിയേം കടിച്ചു , പിന്നേയും നായയ്ക്ക് മുറു മുറുപ്പ് !
- അല്പ്പന ഐശ്വര്യം വന്നാൽ, അര്ദ്ധരാത്രിയിലും കുട പിടിക്കും!
- ആട് കിടന്നിടത്തു പൂട പോലും ഇല്ല!
- ആന കൊടുത്താലും ആശ കൊടുക്കരുത്!
- ആന വായിൽ അമ്പഴങ്ങാ.
- ആനപ്പുറത്ത് ഇരുന്നാൽ പട്ടിയെ പേടിക്കേണ്ട!
- ആന മെലിഞ്ഞാലും തൊഴുത്തിൽ കെട്ടാന് ഒക്കില്ല!
- ആനയ്ക്കുണ്ടോ ആനയുടെ വലിപ്പം അറിയുന്നു!
- ആറ്റിൽ കളഞ്ഞാലും അളന്നു കളയണം!
- ആറ്റിൽ ഇറങ്ങിയവനേ ആഴം അറിയൂ!
- ആരംഭ ശൂരത്വം!
- ആനക്കാര്യം പറയുമ്പോള് ആണോ ചേനക്കാര്യം?
- ആവശ്യക്കാരന് ഔചിത്യം പാടില്ല!

നന്ദന.എം

# ഓർക്കുക

## ഓർക്കുക

നിൽക്കുന്നു ഞാനീ വിജനമാം ജീവിത പാതയിൽ
ഏകയായി.... പാഴ്ജന്മമായി
പെറ്റുവളർത്തിയ മക്കൾക്കു ശല്യമായ് തീർന്നപ്പോൾ
അവരെന്നെ തട്ടിയീ വഴിയിൽ.....
അവർതൻ ബാല്യകാലത്ത് അമ്മയായ്
ആശ്വാസമായി ഞാൻ വേണമായിരുന്നു.
ഉണ്ണാനില്ലായിരുന്നവർ, ഉറങ്ങാനില്ലായിരുന്നവർ
എന്നിലെ സാന്നിധ്യ മറകളില്ലാതെ
അവരായിരുന്നു· ഞാൻ രോഗ പീഢതൻ നാളിൽ
അവർതൻ അരികിൽ നിറകണ്ണുമായ്.....
അവർക്കുവേണ്ടി തേഞ്ഞു തീർന്നുവെൻ നല്ല നാളുകൾ
എന്നിട്ടും.....
അവർ വളർന്നു, അവർക്ക് ദാമ്പത്യമായി
കൂട്ടും കുടുംബവും ഉണ്ടായി
കൂട്ടിൽ നിന്ന് കൊത്തി അകറ്റിയ പക്ഷിയായ് ഞാനും
ഓർക്കുക, ഓർക്കണം ഏത് പൂവും വാടും,
എല്ലാ ഇതളും കൊഴിയും
ഇന്നു ഞാൻ എങ്കിൽ.... നാളെ നീ അത് പ്രകൃതി സത്യം
മക്കളേ.... നിങ്ങൾക്കും മക്കളുണ്ടാകും
നിങ്ങൾക്കും വാർദ്ധക്യമുണ്ടാകും
അന്നു കടത്തിണ്ണകളിലും അമ്പലമുറ്റത്തും
ഒഴിവുകൾ ഉണ്ടാകും.... വിധിയുണ്ടെങ്കിൽ
അവിടെ വച്ചു കാണാം
പക്ഷേ.... അന്നും അമ്മ.... അമ്മതന്നെ

BY
Aneesha. G

അനീഷ . ജി

# പ്രകൃതി നമ്മുടെ വരദാനം







അനു .പി . രാജ്

# THOUGHTS

**Discipline**

Discipline is a parcel of our life for a good and Prosperous living. Discipline is must for an orderly society. Without Discipline the social life would became miserable. An orderly way observed in functioning of universe according to the national law in the meaning of Discipline.

Joyal .B. George

**LIFE IS WHAT**

| | | |
|---|---|---|
| **Life is a challenge** | **-** | **Face it** |
| **Life is a question** | **-** | **Answer it** |
| **Life is a flower** | **-** | **Don't pluck it** |
| **Life is a joke** | **-** | **Laught at it** |
| **Life is a journey** | **-** | **Go for it** |
| **Life is a gamble** | **-** | **Don't miss it** |
| **Life is a treasure** | **-** | **Hunt for it** |
| **Life is a play** | **-** | **Act it** |
| **Life is a book** | **-** | **Read it** |
| **Life is a puzzle** | **-** | **Solve it** |

**" Life is nothing but more than something"**

**Manu.S**

# കടപ്പാട്



*കലാലയ ജീവിതത്തിലെ സുഖ ദുഃഖങ്ങളും പ്രതീക്ഷകളും ഈ മാസികയുടെ താളുകളിലേക്കു പകർത്തിയ പ്രിയ വിദ്യാർത്ഥിൾക്കും ഇതിന്റെ അണിയറയിൽ പ്രവർത്തിച്ച ആൻസി ടീച്ചറിനും സുധ ടീച്ചറിനും ഇതിനു വേണ്ട സഹായ സഹകരണങ്ങൾ ചെയ്ത എല്ലാ സഹപ്രവർത്തകർക്കും ഹൃദയം നിറഞ്ഞ നന്ദി രേഖപെടുത്തുന്നു....*

എഡിറ്റർ

**സാന്ദ്ര . ആർ**